വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്) :

(എ) ഉണ്ട്.

(ബി) കിറ്റ്കോ (KITCO), കെ.ഐ.ഇ.ഡി. (KIED), എസ്.റ്റി.ഇ.ഡി. (STED), കെ.എസ്.എസ്.ഐ.എ. (KSSIA) ഏജൻസികളെ വിവിധ കാലയളവിൽ ചെറുകിട വ്യവസായത്തെ സംബന്ധിച്ച് പഠനങ്ങൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഏതൊക്കെ മേഖലയിൽ ഏതൊക്കെ വ്യവസായങ്ങൾ തുടങ്ങാം എന്നതാണ് ഇത്തരം പഠനത്തിന്റെ പ്രധാന ഉദ്ദേശം.

(ഡി, ഇ) ഇല്ല. എന്നാൽ ആന്ധ്രാപ്രദേശ് ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ (എ.പി.ഐ.റ്റി.സി.ഒ.) കേന്ദ്ര സർക്കാർ സഹായത്തോടെ ചെറുകിട വ്യവസായ വികസന ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ വിവിധ ജില്ലകളിൽ പ്രോജക്ട് തയ്യാറാക്കുക, ഉപദേശങ്ങൾ നൽകുക തുടങ്ങി കൺസൾട്ടൻസി സർവീസ് നൽകുന്നുണ്ട്. ഇതിനായി വയനാട്, മലപ്പുറം എന്നീ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സഹായം നൽകാൻ വ്യവസായ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

വയോജനക്ഷേമ നയം

18 [*247] ശ്രീ. കെ. വി. മോഹനൻ :

,, സി. കെ. നാണു :

,, എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയോജനക്ഷേമ നയം രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിൽ എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്) :

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി, സി) സംസ്ഥാനത്ത് വയോജന നയം ഉടൻ പ്രാബല്യത്തിൽ വരുമെന്ന് ബഹുമാനപ്പെട്ട മുൻ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി നിയമസഭയെ അറിയിച്ചതനുസരിച്ച് ഒരു കരട് നയം രൂപീകരിക്കുകയും അതിന്മേൽ വിവിധ സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും അഭിപ്രായം ആരായുകയും ചെയ്തു. കൂടാതെ 3-2-2005-ന് വിവിധ വയോജന സംഘടനകളെയും വയോജന ക്ഷേമ പ്രവർത്തകരെയും ഉൾപ്പെടുത്തി നടത്തിയ ശിൽപ്പശാലയിൽ ഉന്നയിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കരട് നയരേഖ തയ്യാറാക്കിവരുന്നു.

സംസ്ഥാനത്തെ വയോജന നയത്തിന്റെ കരട് രൂപത്തിൽ വയോജനങ്ങൾക്ക് സാമ്പത്തിക സുരക്ഷ, വിവിധ ആരോഗ്യ സേവനങ്ങൾ, നിയമപരമായ സംരക്ഷണം, സുരക്ഷ എന്നീ കാര്യങ്ങൾക്ക് വേണ്ടി വിവിധ പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. വയോജനങ്ങളുടെ പരിചരണത്തിന് കുടുംബങ്ങൾക്കുള്ള പങ്ക് വയോജന രേഖയിൽ ഊന്നി പറയുന്നുണ്ട്. വൃദ്ധജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്തും നിലവിലുള്ള വൃദ്ധസദനങ്ങളുടെ പോരായ്മകൾ പരിഹരിച്ചും വൃദ്ധസദനങ്ങളുടെ മേൽനോട്ട ചുമതല വഹിക്കുന്നതിനായി ഒരു പ്രത്യേക നിയന്ത്രണ ബോർഡ് കരട് രേഖയിൽ വിഭാവനം ചെയ്യുന്നു. ഈ സദനങ്ങൾക്ക് വേണ്ടി ഒരു സംസ്ഥാന തല ഉപദേശക സമിതിയും രൂപവൽക്കരിക്കാൻ ഉദ്ദേശമുണ്ട്. ജില്ലാ ബ്ലോക്ക് തലങ്ങളിൽ വൃദ്ധസദനങ്ങളുടെ കാര്യങ്ങൾ നോക്കുന്നതിനായി സന്ദർശക സമിതികളും ഉണ്ടായിരിക്കുന്നതാണ്. വയോജനങ്ങൾക്ക് വേണ്ടിയുള്ള കർമ്മ പദ്ധതിയിലെ വിവിധ പരിപാടികൾ തദ്ദേശീയ തലത്തിൽ നടപ്പാക്കാനുള്ള അടിസ്ഥാന ഏജൻസി ഗ്രാമപഞ്ചായത്തായിരിക്കുമെന്ന് നയത്തിൽ പറഞ്ഞിരിക്കുന്നു. ഓരോ ജില്ലയിലും വയോജനങ്ങൾക്ക് വേണ്ടി ജില്ലാതല സെല്ലുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത സെല്ലിന്റെ ചെയർമാൻ/ചെയർപേഴ്സൺ ജില്ലാ കളക്ടറും കൺവീനർ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറും ആയിരിക്കും. ഇതുകൂടാതെ മുഖ്യമന്ത്രി രക്ഷാധികാരിയും സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ചെയർമാനുമായി ഒരു വയോജന കൗൺസിലും വിഭാവനം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly